"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ബേപ്പൂർ തുറമുഖത്തെ രണ്ട് എയ്സ് പിക്ക് & ക്യാരി ക്രെയിനുകൾക്ക് 2026-27 കാലഘട്ടത്തിലെ ഇൻഷുറൻസ് പ്രീമിയം പുതുക്കുന്നതിന് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.209/2026/F&P          തീയതി, തിരുവനന്തപുരം, 10-03-2026

---

പരാമർശം:- കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 5/3/2026 ലെ : HOKMB-TVM/241/2026-DI (Tech) നമ്പർ കത്ത്.

**ഉത്തരവ്**

ബേപ്പൂർ തുറമുഖത്തെ എയ്സ് നിർമ്മിത രണ്ട് പിക്ക് & ക്യാരി ക്രെയിനുകൾക്ക് (എഞ്ചിൻ നമ്പർ S433-BO8256, S433-BO8349) 2026-27 കാലഘട്ടത്തിലെ ഇൻഷുറൻസ് പ്രീമിയം കാലാവധി അവസാനിക്കുന്നതാണെന്നും ആയത് പുതുക്കുന്നതിന് ജില്ലാ ഇൻഷുറൻസ് ഓഫീസിൽ നിന്നും ലഭ്യമായ 45,170/- രൂപയുടെ Renewal Notice ലഭ്യമാക്കിയിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ മേൽ ക്രെയിനിന്റെ ഇൻഷുറൻസ് പ്രീമിയം പുതുക്കുന്നതിനുള്ള തുടർ നടപടികൾ ക്കായി കോഴിക്കോട് തുറമുഖ ഓഫീസർ അപേക്ഷിച്ചിട്ടുണ്ടെന്നും ക്രെയിനുകളുടെ സുരക്ഷിതമായ പ്രവർത്തനത്തിന് മേൽ ഇൻഷുറൻസ് പോളിസി പുതുക്കേണ്ടത് അനിവാര്യമായ തിനാൽ ബേപ്പൂർ തുറമുഖത്തെ രണ്ട് എയ്സ് പിക്ക് & ക്യാരി ക്രെയിനുകൾക്ക് (എഞ്ചിൻ നമ്പർ S433-BO8256, S433-BO8349) 2026-27 കാലഘട്ടത്തിലെ ഇൻഷുറൻസ് പ്രീമിയം പുതുക്കുന്നതിന് 45,170/- രൂപയുടെ ഭരണാനുമതി "5051-80-800-98- Augmentation of workshop and stores organisation 19 machinery and equipments " എന്നശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബേപ്പൂർ തുറമുഖത്തെ രണ്ട് എയ്സ് പിക്ക് & ക്യാരി ക്രെയിനുകൾക്ക്(എഞ്ചിൻ നമ്പർ S433-BO8256, S433-BO8349) 2026-27 കാലഘട്ടത്തിലെ ഇൻഷുറൻസ് പ്രീമിയം പുതുക്കുന്നതിന് 45,170/- രൂപയുടെ ഭരണാനുമതി "5051-80-800-98- Augmentation of

workshop and stores organisation 19 machinery and equipments ” എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shajish P
Date: 10-03-2026 15:18:16
സെക്ഷൻ ഓഫീസർ